➪ *ഇലക്ഷനേക്കാളും സെലക്ഷനായാണ് ഈ വോട്ടിങ്ങ് രീതി ഉപയോഗിച്ചുവരുന്നത്* ➪

തെരഞ്ഞെടുപ്പ്
നിലപാടുകൾ...

**ഇന്ത്യൻ** ഭരണഘടനയുടെ ആമുഖത്തിൽ രേഖപ്പെടുത്തിയ ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പ് ഒരു പ്രധാന സംഭവമാണ്. 1950 ജനുവരി 25 നാണ് ഇന്ത്യയിൽ ഇലക്ഷൻ കമ്മീഷൻ രൂപം കൊണ്ടത്. പ്രാചീന കാലത്ത്, ഒരിടത്ത് ഒത്തുകൂടുന്നവർ കൈപൊക്കികാട്ടി, തലയെണ്ണി ഭൂരിപക്ഷം കണ്ടെത്തിയിരുന്ന ഒരു സമ്പ്രദായത്തിൽ നിന്നും, കുറിപ്പെഴുതിയിടുന്നത് എണ്ണിതിട്ടപ്പെടുത്തുന്നതിലേക്കും, തുടർന്ന് ബാലറ്റ് പേപ്പറിലേക്കും രൂപാന്തരം വന്നതാണ് സമ്മതിദാനം. എണ്ണം കൂടുതൽ – ഭൂരിപക്ഷം എന്ന ഒരു മാനദണ്ഡത്തിലാണിതിന്റെ വിജയ രഹസ്യം. എന്നാൽ വിയോജിപ്പുകളും അപരന്റെ അഭിപ്രായ വീക്ഷണങ്ങളും തള്ളിക്കളയുന്നതല്ല ഈ തെരെഞ്ഞെടുപ്പ് രീതി. ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ മാത്രമല്ല, ഭാരവാഹികളെ കണ്ടെത്താൻ, അഭിപ്രായ ഭിന്നതകളിലെ സമന്വയത്തിന് തുടങ്ങിയ ആവശ്യങ്ങളിലും ഈ രീതിയുടെ ആവിഷ്കാരങ്ങൾ നമുക്ക് കാണാം. ഇലക്ഷനേക്കാളും സെലക്ഷനായാണ് ഈ വോട്ടിങ്ങ് രീതി സമൂഹത്തിൽ ഉപയോഗിച്ചുവരുന്നത്. സംഘർഷാത്മകതയു

# സമ്മതിദായകരെ, നമുക്കുമുണ്ട് ചില സാധ്യതകൾ

മുൻവിധികളാൽ, പാരമ്പര്യ ശീലങ്ങളാൽ സങ്കുചിതമായ ഒരു മനസ്സുമായല്ല വോട്ടുചെയ്യാൻ പോകേണ്ടത്. എപ്പോഴോ രൂപപ്പെട്ട ചില രുചികളിൽ കുടുങ്ങിക്കിടക്കാതെ, പൂർണ്ണ ബോദ്ധ്യത്തോടെ, പൂർണ്ണ തൃപ്തിയോടെ വോട്ട് ചെയ്യാം. പൊതുസമൂഹത്തിന്റെ ഭാഗധേയത്വം നിർണ്ണയിക്കാം.

**ഡേവിസ് വളർക്കാവ്**

ള്ളിടത്ത് വോട്ടിങ്ങ് ഒരു സിദ്ധൗഷധമാണ്. എന്നാൽ "വോട്ടു ചെയ്തോട്ടുചെയ്തോട്ടക്കലമായി നമ്മൾ" എന്ന് കവി പാടിയപോലെയായതും നമ്മൾതന്നെയാണ്. സൃഷ്ടിപരമായതും നാശോന്മുഖമായതുമായ ഘടകങ്ങൾ ഇതിലുണ്ടെന്നത് നാം തിരിച്ചറിയണം. അതിനാൽ ഇന്ത്യയിൽ നിലനിൽക്കുന്ന പാർലമെന്ററി ജനാധിപത്യത്തിൽ തെരെഞ്ഞെടുപ്പും, തെരെഞ്ഞെടുപ്പിൽ വോട്ടറുടെ സ്ഥാനവും തീരുമാനവും അടയാളപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ ഭരണക്രമത്തിൽ ജനങ്ങളുടെ ഇടപെടൽ ഉണ്ടാകണം.

18 വയസ്സ് പൂർത്തിയായവർക്ക് വോട്ടവകാശം സമീപകാലത്തുമാത്രം കരഗതമായതാണ്. ഒട്ടേറെ പ്രക്ഷോഭങ്ങൾ അതിന് ആവശ്യമായി വന്നു. ഇത് പുതിയ തലമുറയ്ക്ക് അജ്ഞാതമാണ്. അതിനുമുമ്പ് ഭൂനികുതിയടക്കുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളു. ഭൂമിയാകട്ടെ വളരെക്കുറച്ചുപേരുടെ കയ്യിൽ മാത്രമായി ഒതുങ്ങിയിരുന്നു. ഭൂപ്രഭുക്കളങ്ങനെ അവരുടെ ഇഷ്ടഭരണം നടത്തി കഴിഞ്ഞു. വടക്കേ ഇന്ത്യയിലെ ചിലഭാഗത്ത് ഇന്നും ഭൂസ്വാമിമാരാണ് സമ്മതിദാനാവാകാശികൾ. ഒന്നുകിൽ ബാലറ്റ് പേപ്പറിൽ വോട്ടുരേഖപ്പെടുത്തി പെട്ടിയിൽ മൊത്തമായി നിക്ഷേപിക്കും. അല്ലെങ്കിൽ ഓരോ വ്യക്തിയോടും ഇ



ഒരു പരിഷ്കൃത ജനതയ്ക്ക് സ്വീകരിക്കാനാകാത്ത നാനാവിധ അടിച്ചേൽപ്പിക്കലുകളെയാണ് വോട്ടവകാശവും പൗരബോധവും കൊണ്ട് നാം അതിജീവിക്കേണ്ടത്. കുടുംബത്തിലെ മുതിർന്നവരെ അനുകരിച്ചാണ് പലരും വോട്ടുചെയ്യുന്നത്. പാരമ്പര്യമായി ചെയ്തുവരേണ്ട ചടങ്ങല്ല വോട്ടവകാശം

ന്ന ചിഹ്നത്തിൽ വോട്ടുചെയ്യാൻ ആജ്ഞാപിച്ച് നടപ്പിലാക്കും. കേരളത്തിൽ അത്രക്കൊന്നുമില്ലെങ്കിലും ചെറിയ പതിപ്പുകൾ ധാരാളമുണ്ട്.

ഒരു പരിഷ്കൃത ജനതയ്ക്ക് സ്വീകരിക്കാനാകാത്ത നാനാവിധ അടിച്ചേൽപ്പിക്കലുകളെയാണ് വോട്ടവകാശവും പൗരബോധവും കൊണ്ട് നാം അതിജീവിക്കേണ്ടത്. കുടുംബത്തിലെ മുതിർന്നവരെ അനുകരിച്ചാണ് പലരും വോട്ടുചെയ്യുന്നത്. പാരമ്പര്യമായി ചെയ്തുവരേണ്ട ഒരു ചടങ്ങല്ല വോട്ടവകാശം. ഇന്നത് പൗരബോധത്തിന്റെ തലത്തിൽ, ജനാധിപത്യത്തിൽ പങ്കാളിയാകുന്ന വിധത്തിലാണ് ആവിഷ്ക്കരിക്കേണ്ടത്. ഒരു വോട്ടർ വോട്ടുചെയ്യുമ്പോൾ തനിക്കിഷ്ടപ്പെട്ടവർക്ക് വോട്ടുചെയ്യുക മാത്രമല്ല, സുതാര്യമായ ഭരണക്രമത്തിനായി ആ വോട്ട് ഭവിക്കണം. രാജ്യത്തെ പുതുക്കിപണിയാനുള്ള താങ്കളുടെ ശേഷിയിൽ, എന്റെ സമ്മതം നിങ്ങൾക്ക് സമർപ്പിക്കുന്നു എന്ന സമ്മതപത്രമാണത്. അതിനാൽ ഒരു വോട്ടർ പ്രബുദ്ധനാകാതെ തരമില്ല. ഭൂസ്വാമികൾക്കെന്നപോലെ ആർക്കെങ്കിലും നമ്മുടെ സമ്മതി നൽകണമോ, അതോ പൗരസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും നൽകണമോ എന്ന ഒരു തെരഞ്ഞെടുപ്പ് വോട്ടർ തന്റെ ഹൃദയത്തിൽ ആദ്യം നടത്തണം.

അതുപോലെ സ്ഥാനാർത്ഥിയ്ക്ക് സമ്മതിദാനം ചെയ്തുകഴിഞ്ഞു. ഇനി ജനപ്രതിനിധികൾ എങ്ങനെയെങ്കിലും ആയിക്കോട്ടെ എന്ന് കരുതാമോ? ഇല്ല, അത് രാഷ്ട്രീയ പ്രബുദ്ധതയല്ല. യഥാപ്രജ, തഥാരാജ എന്നതാണ് ചൊല്ല്. ജനങ്ങളെങ്ങനെയാണോ അതുപോലെയുള്ള ഭരണാധികാരികളാണ് ഉണ്ടാകുക. സത്യസന്ധരായ, ജനക്ഷേമം ലക്ഷ്യമാക്കിയ ഭരണാധികാരികൾ വേണമെങ്കിൽ പ്രബുദ്ധരായ വോട്ടർമാരുണ്ടാകണം.

വർഷങ്ങൾക്ക് ശേഷം കൈവരുന്ന വോട്ടുചെയ്യാനുള്ള അവസരം മുൻവിധികളാൽ, പാരമ്പര്യ ശീലങ്ങളാൽ സങ്കുചിതമാകാതെ നോക്കണം. നിലവിലുള്ള മത്സരാർത്ഥികൾ സ്വീകാര്യരല്ലെങ്കിൽ അവർക്ക് വോട്ടുചെയ്യാതെ നിഷേധവോട്ടുചെയ്യാനുള്ള സംവിധാനമുള്ള ഒരു ഇലക്ഷനാണ് വരാനിരിക്കുന്നത്. എൻ.കെ. ശേഷൻ തെരെഞ്ഞെടുപ്പ് കമ്മീഷനായ നാളുകളിലാണ് കമ്മീഷന്റെ പ്രവർത്തനം പൊതുസമൂഹത്തിന്റെ ശ്രദ്ധയിലും ആദരവിലും വ്യാപകമായി കടന്നുവരുന്നത്. ഇന്ന് തെരെഞ്ഞെടുപ്പിൽ മത്സരിക്കാതെ ഭരണാധികാരിയാകുന്നത് ജനാധിപത്യമല്ല. അതുപോലെ വോട്ടർമാരോട് ആലോചിക്കാതെ സ്ഥാനാർത്ഥികളെ നിർത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. മന്ത്രിമാരെ തെരെഞ്ഞെടുക്കുമ്പോൾ, മുന്നണികൾ ഉണ്ടാക്കുമ്പോൾ വോട്ടർമാരുടെ അഭിപ്രായം ആരായണം. വോട്ടർമാർ തെരെഞ്ഞെടുത്ത ജനപ്രതിനിധികളെ തിരിച്ചു വിളിക്കാനുള്ള സമ്മതം - അധികാരം വോട്ടർമാർക്ക് ലഭിക്കണം. മുന്നണികളുടെയും, സ്ഥാനാർത്ഥികളുടേയും പ്രകടന പത്രികപോലെ വോട്ടർമാരുടെ അവകാശ പത്രികയ്ക്ക് വോട്ടർമാർ രൂപം നൽകണം.

നിർഭയമായി, പരപ്രേരണ ഒഴിവാക്കി, സ്വതന്ത്രമായി, രാജ്യത്തിന്റെ-നാടിന്റെ ശ്രേഷ്ഠ ഭാവി വിലയിരുത്തി, വോട്ട് ചെയ്യാൻ അവകാശം ലഭിച്ചതിന്റെ പുറകിലെ ത്യാഗങ്ങളെ ഓർത്ത് വോട്ട് ചെയ്യാൻ തയ്യാറാകണം. അങ്ങനെ പൂർണ്ണ ബോദ്ധ്യത്തോടെ, പൂർണ്ണ തൃപ്തിയോടെ വോട്ട് ചെയ്യാൻ എല്ലാ വോട്ടർമാർക്കും കഴിയണം. വിയറ്റ്നാമിന്റെ നേ

താവ് ഹോച്ചിമിന്റെ വാക്കുകൾക്ക് നമുക്ക് കാതോർക്കാം, "പൗരബോധമുള്ളവരായിരിക്കുക എന്നതാണ് പ്രധാനം. അവകാശങ്ങളും കടമകളും അറിഞ്ഞിരിക്കുക. അതിനുവേണ്ടി പ്രവർത്തിക്കുക. ഇതാണ് ജനാധിപത്യത്തിന്റെ വിജയരഹസ്യം." ഈ പൗരബോധം വോട്ടിങ്ങിലൂടെ പ്രകാശിപ്പിക്കാൻ സമ്മതിദായകർ പ്രാപ്തരാകണം.

**തിരഞ്ഞെടുപ്പിന്റെ പിറ്റേന്ന്**

കേരളീയർ ഒന്നടങ്കം പങ്കാളികളാകുന്ന ഒരേ ഒരു സന്ദർഭമേ നമുക്കുള്ളൂ. അത് തിരഞ്ഞെടുപ്പ് വേളയാണ്. എന്നിട്ടും നല്ലതിനെ തിരഞ്ഞെടുക്കാനുള്ള മനുഷ്യവിവേകത്തെ ഉണർത്തുന്നതിൽ നാം കേരളീയർ മുന്നേറിയിട്ടുണ്ടോ? വസ്ത്രം, ആഭരണം, വാഹനം, സൗഹൃദം എന്നിവ തെരഞ്ഞെടുക്കുന്നപോലെയുള്ള ഒരു 'സാത്വികത' രാഷ്ട്രീയ തെരഞ്ഞെടുപ്പിനില്ല. സെലക്ഷനെ മൊത്തത്തിൽ ഇലക്ഷനാക്കി മാറ്റിതീർത്തത് രാഷ്ട്രീയക്കാരാണ്. പക്ഷപാതിത്വങ്ങളിൽ കുടുങ്ങുകയായിരുന്നു ഇതിന്റെ ഫലം. പ്രായപൂർത്തി വോട്ടവകാശ പ്രക്ഷോഭങ്ങളുടെ മൂല്യം എന്നേ നഷ്ടമായി. ഇന്ന് സ്വന്തം സമ്മതിയല്ല വോട്ടിംഗിലൂടെ പ്രകാശിപ്പിക്കപ്പെടുന്നത്. എപ്പോഴോ രൂപപ്പെട്ട ചില രുചികളും മുൻവിധികളുമാണ് പോളിംഗിൽ കാണുന്നത്.  'ഇനി അവർ കുറച്ചുകാലം ഭരിക്കട്ടെ, 'തമ്മിൽ ഭേദം തൊമ്മൻ' ഇത്യാദി മനോഭാവങ്ങൾ പ്രബുദ്ധതയുടെ ഭാഷയല്ല. രാഷ്ട്രീയ തിരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രളയത്താൽ ഇതിൽനിന്നു വിട്ടുനിൽക്കാൻ സാധാരണക്കാർക്കാവില്ല.

വാശി, മത്സരം, വെല്ലുവിളികൾ, ഭീഷണികൾ, യുദ്ധരീതികൾ, വിജയഭേരികൾ എന്നീ ചേരുവകളാൽ പരുവപ്പെടുത്തിയെടുത്ത ഒരു മനസ്സ് തെരഞ്ഞെടുപ്പുകാലത്ത് ഉണ്ടാക്കുന്ന അനിഷ്ടങ്ങളും ക്രൂരതകളും വളരെയധികമാണ്. ഇതിന് മാധ്യമങ്ങളാണ് പ്രധാന കാരണക്കാർ. ഇങ്ങനെ രൂപപ്പെട്ട ഒരു 'കേരളീയ സൈക്ക്' പോളിംഗിന് ശേഷം തനിയെ മാറുന്നില്ല. ഏറെ വൈകാരികമാണത്. ഇലക്ഷന് ശേഷവും സംഘർഷങ്ങൾ തുടരുന്നത് അതുകൊണ്ടാണ്.

മദമാത്സര്യാദികളെ ആവോളം സ്വീകരിച്ച മനസ്സ് വളരെ സങ്കീർണ്ണമാണ്. വൈരാഗ്യവും വിദ്വേഷവുമായാണ് അതിൽ നിന്ന് സൃഷ്ടിക്കപ്പെടുക. വിജയിച്ച പക്ഷത്ത് സ്വാർത്ഥതയും അഹങ്കാരവും ഞാനെന്ന/ഞങ്ങൾ എന്ന സങ്കുചിതഭാവവും, വിജയിക്കാതിരുന്നവരുടെ മനസ്സ് നിരാശയിലേക്കും വെറുപ്പിലേക്കും പകയിലേക്കുമാണ് ചെന്നെത്തുക. ഓരോ വോട്ടും ജനാധിപത്യത്തിന് പ്രധാനമാണ്. എന്നാൽ അതോടൊപ്പം ഓരോ പക്ഷത്തോടുമുള്ള രാഗവും-ഒട്ടലും-കൂടിയാണ് എന്നതാണ് ലളിതസത്യം. ഈ ഒട്ടലാണ് പലരിലും നാശകാരിയായി ആവിഷ്ക്കരിക്കപ്പെടുന്നത്. പട്ടാളത്തിനെ കൊണ്ടൊന്നും ഇത് നിയന്ത്രിക്കാനാവില്ല. 'സമ്മതിദാന അവകാശം' എന്നതിന്റെ സൂക്ഷ്മാർത്ഥം വിശകലനം ചെയ്യേണ്ടതുണ്ട്.  തെരഞ്ഞെടുപ്പിന്റെ പേരിൽ മനുഷ്യമനസ്സുകളിൽ അടിഞ്ഞുകൂടുന്ന ഇത്തരം മാലിന്യങ്ങൾ വൃത്തിയാക്കാൻ ഇവിടെയാരാണുള്ളത്. എന്തുപദ്ധതിയാണുള്ളത്. ഇല്ലെങ്കിൽ ഈ 'നെഗറ്റീവ്' എനർജി മനുഷ്യരുടെ ജീവിതവൃത്തികളിൽ, ഇടപെടലുകളിൽ പ്രതിഫലിക്കും. പൊട്ടിത്തെറിക്കാനിരിക്കുന്ന അഗ്നിപർവ്വതങ്ങളായിമാറും ഓരോ മനസ്സും. അശാന്തിയായിരിക്കും ഫലം. മുഴുവൻ സമൂഹത്തിനും ഇത് ബാധകമാകും. നമ്മുടെ മനസ്സുകളിൽ, സമൂഹത്തിൽ ഹിംസ പെരുകുന്നതിന്റെ വേരുകൾ തേടുമ്പോൾ ഇലക്ഷന് അതിൽ പങ്കുണ്ട് എന്നു കാണാം. അതിനാൽ നാം ജാഗ്രതയുള്ളവരാകേണ്ടത് തെരഞ്ഞെടുപ്പിന് ശേഷമാണ് എന്ന് പറയേണ്ടിവരും. ഈ വഴിക്കൊരു ബാലൻസിംഗ് ഇല്ലെങ്കിൽ അത് നല്ലതിലേക്കുള്ള പോക്കായിരിക്കുകയില്ല. രാഷ്ട്രീയത്തിലെ അനിവാര്യമായ ഈ തിന്മയെ നിർവീര്യമാക്കാൻ കഴിയണം. ഇവിടെ മതാതീത ആത്മീയതയ്ക്ക് ചിലത് ചെയ്യാനാകും.

**യുവാക്കളെ മുന്നോട്ട്**

തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള വോട്ടർമാരുടെ അവകാശത്തിന്. ആവശ്യമെങ്കിൽ ഷേഡോ പാർലിമെന്റ് രൂപീകരിക്കുന്നതിന്. എല്ലാ തെരഞ്ഞെടുപ്പുകളിലും പൊതുസമൂഹപ്രതിനിധികളെ മത്സരിപ്പിക്കുന്നതിന്. വധശിക്ഷ നിർത്തലാക്കുന്നതിന്. സ്വകാര്യസ്വത്തിന് പരിധി നിശ്ചയിക്കുന്നതിന്. വിവരാവകാശനിയമം സജീവവും ഫലപ്രദവും ആക്കുന്നതിന്. വോട്ടർമാർ തെരഞ്ഞെടുക്കാത്ത ആരേയും ഭരണാധികാരികളാക്കാതിരിക്കാൻ. കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പുകൾ വൈകാതിരിക്കാൻ. ശിക്ഷയുടെ കാലാവധി കഴിഞ്ഞ എല്ലാ തടവുകാരേയും മോചിപ്പിക്കാൻ. തെരഞ്ഞെടുപ്പില്ലാതെ പാനലുകൾ വഴി നിയമിക്കുന്ന ഉപദേശകസമിതികൾ, അക്കാദമികൾ തുടങ്ങിയവയിൽ പൗരസമൂഹ പ്രതിനിധികളെ ഉൾപ്പെടുത്താൻ. ഇങ്ങനെ നാനാവിധ മേഖലകളിൽ ഇടപെടാനും പൗരസമൂഹത്തിന്റെ/പൊതുസമൂഹത്തിന്റെ ഭാഗധേയത്വം നിർണ്ണയിക്കാനും കാലം നമ്മെ വിളിക്കുന്നു. ■